FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

07 JUNE 2019

03 SHAWWAL 1440 AH

# POST-RAMADAN
# റമദാനെ തുടർന്ന്

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാതിഹ ഓതിയ ശേഷം റമദാനെ തുടർന്ന് എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

നമ്മുടെ ആദരണീയമായ അതിഥി (റമദാൻ), നമ്മുടെ സൃഷ്ടാവ് നമുക്ക് നല്കിയ, അതിഥി, നമ്മെ വിട്ടുപോയിരിക്കുന്നു. സത്യത്തിൽ അനുഗൃഹീതമായ റമദാൻ മാസം അവസാനിച്ചിരിക്കുന്നു. തുടർന്ന് നമുക്കൊരു പുതിയ മാസം വന്നുചേർന്നിരിക്കുന്നു-ശവ്വാൽ മാസം-ചിലർക്ക് വിഷമവും ചിലർക്ക് സന്തോഷവും-വിശിഷ്യാ ത്യാഗമനോഭാവം യഥാർത്ഥത്തിൽ ഇല്ലാത്തവർക്ക് സന്തോഷം തന്നെ. അവർക്ക് ആശ്വാസമായി. കാരണം റമദാൻ വിടപറഞ്ഞിരിക്കുന്നു. അവർക്ക് തങ്ങളുടെ പഴയ രീതികളിലേക്ക് മടങ്ങിപോകുവാനുള്ള അവസരം വന്നുകിട്ടിയിരിക്കുന്നു.

ഒരു യഥാർത്ഥ വിശ്വാസിയെ സംബന്ധിച്ചിടത്തോളം, അവൻ ദുഃഖിതനാണ് എന്നത് സത്യമാണ്. കാരണം അവനെ വിട്ട് ഈ മാസം പോയ്മറഞ്ഞിരിക്കുന്നു. എന്നാൽ പ്രസ്തുത റമദാൻ പകർന്നു നല്കിയ നല്ല സ്വഭാവങ്ങൾ തുടരുന്നതിനുള്ള അവസരം അതു ഒരുക്കിയിരിക്കുന്നു. പരിശുദ്ധ റമദാനിൽ പ്രസ്തുത നല്ല പ്രവർത്തികൾ അവൻ തുടങ്ങുകയും, അത് വരും മാസങ്ങളിലുടനീളം തുടരുന്നതിനുള്ള അവസരം ഒരുങ്ങുകയും ചെയ്തിരിക്കുന്നു. അപ്പോൾ, അവന്റെ എല്ലാ പ്രവർത്തനങ്ങളും അവന്റെ എല്ലാ ചിന്തകളും അല്ലാഹു(ത)യെ ലക്ഷ്യം വെച്ചുള്ളതാണെന്ന് അവൻ ഉറപ്പുവരുത്തുകയും, അവന്റെ പ്രീതി നേടുന്നതിനുവേണ്ടിയാണെന്നും അവൻ ഉറപ്പാക്കുന്നു.

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നൂറ്റാണ്ടിൽ, നാം ജീവിച്ചുകൊണ്ടിരിക്കുന്ന ഈ നൂറ്റാണ്ടിൽ പ്രതിഫലങ്ങൾ രണ്ടിരട്ടിയോ, അതു മൂന്നിരിട്ടിയോ, അതിൽ കൂടുതലോ ആകാവുന്നതാണ്, അതിന്റെ കാരണം റൂഹുൽ ഖുദ്സുമായി എത്തിയ അല്ലാഹു(ത) നിയോഗിച്ച ഖലീഫയെ, അല്ലാഹുവിന്റെ ഖലീഫയെ, ദൈവദൂതനെ അംഗീകരിക്കുന്നതിനുള്ള അനുഗ്രഹവും അവസരവും അവന് ലഭിച്ചിരിക്കുകയാണ്. ഇത് ലഭിക്കുന്നവൻ വളരെ വലിയ ഭാഗ്യവാനാണ്. കാരണം അവന്റെ ജീവിതത്തിലുടെനീളം, അല്ലാഹുവിന്റെ ദൂതന്റെ ജീവിതത്തിലുടനീളം അവന് പ്രത്യേകമാക്കപ്പെട്ട ലൈലത്തുൽ ഖദ്ർ ലഭിക്കുന്നു. (അവന്റെ ജീവിത ദൈർഘ്യത്തിന് തുല്യമായ നിലയിൽ) ഭൂമിയിലെ അവന്റെ ജീവിതകാലത്ത് ഈ പ്രത്യേകമാക്കപ്പെട്ട ലൈലത്തുൽ ഖദ്ർ അവന് ലഭിക്കുന്നു. അല്ലാഹു(ത)യുടെ ദൃഷ്ടാന്തങ്ങളുടെയും അടയാളങ്ങളുടെയും സാക്ഷിയായി അവൻ മാറുന്നതാണ്. മറ്റുള്ളവർക്ക് ലഭ്യമല്ലാത്ത ഒരു സാമീപ്യം അല്ലാഹുമായി അവന് ലഭിക്കുന്നു. റൂഹുൽ ഖുദ്സുമായി വന്ന അല്ലാഹു(ത)യുടെ ദൂതനുമായി അവൻ സ്ഥാപിച്ച ബന്ധത്തിലൂടെയാണ് അവനിത് ലഭിക്കുന്നത്. അവന്റെ മുഴുജീവിതവും റമദാൻ മാസത്തെ പോലെ മാത്രമായിരിക്കില്ല, മറിച്ച് കൂടുതൽ കൃത്യമായി പറഞ്ഞാൽ പരിശുദ്ധ ലൈലത്തുൽ ഖദ്ർ രാത്രിപോലെ ആയിരിക്കും. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ കാലത്ത്, അദ്ദേഹത്തിന്റെ അനുചരന്മാർക്കുണ്ടായിരുന്ന ഏറ്റവും വലിയ ലൈലത്തുൽ ഖദ്ർ എന്നത്, അല്ലാഹു(ത)യുടെ ഏറ്റവും മഹാനായ ഒരു പ്രവാചകന്റെ കൂടെ അവർക്ക് ജീവിക്കുവാൻ സാധിച്ചു എന്നതാണ്. അത്തരം ഒരു ബഹുമതി അവർക്ക് ലഭിച്ചു. അത്തരം ഒരനുഗ്രഹം അവർക്ക് ലഭിച്ചു. അത്തരം ഒരു തേജസ്സ് അവർക്ക് ലഭിച്ചു. അദ്ദേഹത്തോടൊപ്പം അവർക്ക് നിഷ്ക്കളങ്കമായി നിലകൊള്ളാൻ സാധിച്ചു. യഥാർത്ഥ വിശ്വാസികളായി തന്നെ അല്ലാഹുവിന്റെ വഴിയിൽ അവർക്ക് മരണമടയുവാൻ സാധിച്ചു. അവർക്കിടയിലും അനേകം കപടവിശ്വാസികളുണ്ടായിരുന്നു. എന്നാൽ അവരുടെ പദ്ധതികളെല്ലാം വൃഥാവിലായി പോയി. മറിച്ച് അല്ലാഹുവും അവന്റെ ദൂതനും സത്യവിശ്വാസികളും തന്നെയാണ് വിജയശ്രീലാളിതരായത്.

ഇപ്പോൾ, റമദാൻ മാസം സമാഗതമായപ്പോൾ, നിങ്ങൾ നിങ്ങളോട് തന്നെ ഒന്നു ചോദിച്ചു നോക്കൂ. ഞാൻ അടുത്ത റമദാൻ മാസം കാണുമോ? അത്തരം അനുഗ്രഹങ്ങൾ ലഭിക്കുവാൻ അടുത്തവർഷം വരെ ഞാൻ ജീവിച്ചിരിക്കുമോ? ഇതുപോലെ

ഈ നൂറ്റാണ്ടിലെ എല്ലാ ആളുകളും ചിന്തിക്കേണ്ടതാണ്. അന്തിമ മതമായ ഇസ്ലാമിന്റെ ഉദ്ധാരണത്തിനായി ദൈവ പ്രതിനിധികൾ നൂറ്റാണ്ടുകൾ തോറും വരുമ്പോഴെല്ലാം ചിന്തിക്കേണ്ടതാണ്, കാരണം അവർ വരുന്നത് ഇസ്ലാമിനെ ഉദ്ധരിക്കുവാനാണ്, മുസ്ലിംകളെ പരിഷ്ക്കരിക്കുവാനാണ്, മുഴുമാനവകുലത്തെയും ശുദ്ധീകരിക്കുവാനാണ്, നാം ഇസ്ലാമിനെ ഉദ്ധരിച്ചുകഴിഞ്ഞാൽ നമ്മുടെ കാലശേഷം ഇസ്ലാമിനെ ചവിട്ടിമെതിക്കുമ്പോൾ, അടുത്ത നൂറ്റാണ്ടിൽ സമുദ്ധരിക്കുന്നതിനായി ദൈവപ്രതിനിധികൾ വരുന്നതാണ്. അല്ലാഹുവിന്റെ ദൂതന്മാരെ വിശ്വസിച്ചവരായ ആളുകൾ, ഇസ്ലാമിലെ പ്രവാചകന്മാരെ, വിശ്വസിച്ചവരായ ആളുകൾ, അവർ ഒരുകാര്യം മനസ്സിലാക്കണം, ഇപ്പോൾ, അവരുടെ ജീവിതകാലത്ത്, അവർക്ക് അല്ലാഹു(ത) വളരെ വലിയ ഒരനുഗ്രഹം നല്കിയിരിക്കുകയാണ്. അതായത് അല്ലാഹു(ത) ഒരു പ്രവാചകനെ നിയോഗിച്ച് അവർക്ക് അദ്ദേഹത്തെ കണ്ടുമുട്ടുവാനുള്ള ഒരവസരം നല്കിയിരിക്കുകയാണ്, അതായത് അവരുടെ ജീവിതകാലത്ത് ഒരു പ്രവാചകനെ അയയ്ക്കുകയും അവർ അദ്ദേഹത്തിന്റെ ജീവിതകാലത്ത് ജീവിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ അത്ഭുതമെന്ന് പറയട്ടെ! ഈ ആളുകൾ എന്താണ് ചെയ്യുന്നതെന്നു നോക്കുക. അവരതാ പിന്തിരിഞ്ഞുപോയിരിക്കുന്നു. ജനങ്ങളെ അനുഗ്രഹിക്കുവാനായി റൂഹുൽ ഖുദ്സുമായി അല്ലാഹു(ത) ഒരാളെ അയയ്ക്കുകയും, എന്നാൽ ജനങ്ങൾ പ്രസ്തുത അനുഗ്രഹത്തെ ഉപേക്ഷിച്ചു പോവുകയും, അവർ അല്ലാഹുവിനും അവന്റെ പ്രവാചകനും എതിരിൽ നില്ക്കുകയും ചെയ്താൽ, പ്രസ്തുത അവസ്ഥയിൽ അവർ മരണപ്പെടുകയും ചെയ്താൽ, സങ്കല്പിച്ചു നോക്കൂ എന്താണ് സംഭവിക്കുന്നതെന്ന്? അവരുടെ ശിക്ഷ ഏതുരീതിയിലായിരിക്കുമെന്ന്! ഒരു പ്രവാചകനെ കളിയാക്കുക, ഉപദ്രവിക്കുക, എന്നതിനെക്കാൾ വലിയ ദൗർഭാഗ്യം ഒരു മനുഷ്യന് മറ്റെന്തുവരുവാനാണ്? എന്നാൽ അല്ലാഹു(ത) വിശുദ്ധ ഖുർആനിൽ പറഞ്ഞതുപോലെ, ഞാനും എന്റെ ദൂതന്മാരും വിജയിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. (58:22)

അല്ലാഹു(ത) വിശ്വാസികൾക്ക് വീണ്ടും ഉറപ്പു നല്കുകയാണ്. കുറ്റവാളികൾ, ദുർവൃത്തർ ഏതെല്ലാം രീതിയിലുള്ള പദ്ധതികൾ തയ്യാറാക്കിയാലും ശരി അല്ലാഹു(ത)യുടെ പദ്ധതി തന്നെയായിരിക്കും എല്ലാത്തിനെയും അതിജയിക്കുന്നത്. അല്ലാഹു(ത) അവന്റെ ദാസന്മാരെ സദാ വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ ദൗർഭാഗ്യങ്ങളിൽ അവൻ അവരുടെ സഹായത്തിനെത്തുന്നു. എന്നാൽ അവൻ അവരെ കഠിനമായി പരീ

ക്ഷിക്കുന്നതാണ്. ഒരുവിശ്വാസി ഒരിക്കലും പരീക്ഷണങ്ങളിൽ അകപ്പെടുമ്പോൾ അധൈര്യപ്പെട്ടുപോകരുത്. റമദാൻ മാസവേളകളിൽ എല്ലാ നിലയിലുള്ള ത്യാഗങ്ങളും നാം വരിക്കുന്നു. എന്തിന് വേണ്ടിയാണ്? അല്ലാഹുവിനെ ലഭിക്കുന്നതിനായി, ആയതിനാൽ ചിന്തിക്കുക. ഒരു ദൈവദൂതന്റെ കാലഘട്ടത്തിൽ, അല്ലാഹു(ത)യുടെ ഒരു പ്രതിനിധിയുടെ കാലത്ത്, അല്ലാഹു(ത) വിശ്വാസികളെ എല്ലാ നിലയിലുള്ള പരീക്ഷണങ്ങളാലും പരീക്ഷിക്കുന്നതാണ്. അവൻ അവർക്ക് മരണം നല്കി അവനെ പരീക്ഷിക്കുന്നതാണ്, ഭയം നല്കി പരീക്ഷിക്കുന്നതാണ്. ജീവനഷ്ടം വരുത്തി പരീക്ഷിക്കുന്നതാണ്. അവൻ അവർക്ക് എല്ലാവിധത്തിലുള്ള പ്രയാസങ്ങളും നല്കി പരീക്ഷിക്കുന്നതാണ്. ഇത്തരം കഠിന പരീക്ഷണങ്ങളൊക്കെ അവർക്ക് അവൻ നല്കുന്നതാണ്. അവർ അവനോട് ആത്മാർത്ഥതയോടെയാണോ നിലകൊള്ളുന്നത് എന്നറിയുന്നതിനു വേണ്ടിയാണ്. അവന്റെ പ്രവാചകനോട് ആത്മാർത്ഥതയോടെയാണോ നിലകൊള്ളുന്നത് എന്നറിയുന്നതിനു വേണ്ടിയാണ് ! അതോ ചുണ്ടുകൾ കൊണ്ടുള്ള വിടുവാക്കുകളാണോ? എന്നറിയാൻ!

ഞാനിവിടെ പറയുവാൻ ആഗ്രഹിക്കുകയാണ്. അല്ലാഹു(ത) അവന്റെ ദാസന്മാർക്ക് അനേകം പരീക്ഷണങ്ങൾ നല്കിയിട്ടുണ്ട്. വിശിഷ്യാ ഈ നൂറ്റാണ്ടിൽ, അവന്റെ ഖലീഫത്തുല്ലാഹ്യ്ക്കും ഖലീഫത്തുല്ലാഹ്യുടെ അനുചരന്മാർക്കും! ദൃഷ്ടാന്തങ്ങൾ ദർശിച്ചശേഷം, കുറെ ആളുകൾ മുന്നോട്ടുവരികയും എന്നിട്ട് അവർ ബൈഅത്തുഫോമിൽ ഒപ്പിടുകയും ചെയ്തു. എന്നാൽ അതിന് ശേഷം എന്താണ് സംഭവിച്ചത്? ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തെ അംഗീകരിച്ചിരിക്കുന്നു എന്ന വിവരം അറിഞ്ഞ ശത്രുക്കൾ, അവരെ അതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കുകയുണ്ടായി. അവരുടെ നേതാക്കന്മാർക്ക് വളരെ വലിയ വാഗ്ദാനങ്ങൾ നല്കുന്നു. സ്ഥാനമാനങ്ങൾ നല്കുന്നു. പണം നല്കുന്നു. ഈ ദൈവീക ദൃഷ്ടാന്തങ്ങളിൽ നിന്ന് പിന്മാറുന്നതിനായി ! പഴയ സ്ഥാനങ്ങളിലേക്ക് മടങ്ങുന്നതിനായി, അവർക്ക് ലഭിച്ച ഈ സ്ഥാനമാനങ്ങളും ധനവും അവരെ അന്ധന്മാരാക്കി മാറ്റി! (സുമ്മുൻ ബുക്ക്മുൻ) ബധിരനും ഊമയും)പോലെ ആയിമാറുന്നു.

ബലഹീന വിശ്വാസികൾ, അല്ലാഹുവിന്റെ പാശത്തിൽ നിന്നുള്ള പിടിവിടുന്നു. അവരുടെ മുൻപിൽ ഭൗതികസമൃദ്ധി വെച്ചു നീട്ടുമ്പോൾ അവരുടെ താത്പര്യങ്ങൾ സാക്ഷാത്ക്കരിക്കുമ്പോൾ, ഇത്തരം ആളുകളുടെ പര്യവസാനം വളരെ ശോച

നീയമായിരിക്കുന്നതാണ്. അല്ലാഹു(ത) അവരെ പരീക്ഷിച്ചു. അവർക്ക് ദൃഷ്ടാന്തങ്ങൾ കാണിച്ചു, എന്നാൽ അവർ വിശ്വാസാദർശത്തെ കയ്യൊഴിഞ്ഞു. അവരുടെ ഖലീഫത്തുല്ലായുമായുള്ള അവരുടെ ബന്ധം അവർ വിഛേദിച്ചു. ഇതിനാണ് ആത്മീയ മരണം എന്ന് പറയുന്നത്. ഇത്തരം ആളുകളിൽ നിന്ന് അല്ലാഹു(ത) അവന്റെ അനുഗ്രഹങ്ങളെല്ലാം നീക്കം ചെയ്യുന്നതാണ്, അവർ പ്രതീക്ഷിക്കാത്ത സമയത്ത് ഭൂമിയിൽ വെച്ച്, അവന്റെ ശിക്ഷ, അവരെ പിടികൂടുന്നതാണ്. അവരുടെ പാരത്രിക ജീവിതം ഇതിലും വളരെ ദയനീയമായിരിക്കും.

ആയതിനാൽ ഓരോ വ്യക്തിയും, വിശിഷ്യാ വിശ്വാസികൾ, അവർ തീർച്ചയായും ഓർത്തിരിക്കേണ്ടതാണ്. അവരുടെ വഴിയിൽ സംശയലേശമന്യേ പരീക്ഷണങ്ങൾ വരുന്നതാണ്. ജീവിതത്തിലുടനീളം അവർ അവരുടെ വിശ്വാസത്തിൽ ഉറച്ചു നിന്നാൽ ക്രയോൾ ഭാഷയിൽ നാം പറയുന്നതുപോലെ പരീക്ഷണങ്ങളിലുടനീളം അവർ ക്ഷമയോടെ ഉറച്ചുനിന്നിരുന്നെങ്കിൽ, അവർ നിഷ്ക്കളങ്കരായി നിന്നിരുന്നെങ്കിൽ, അല്ലാഹു(ത)അവൻ സ്വയം തന്നെ അവരുടെ എല്ലാം തടസ്സങ്ങളും നീക്കം ചെയ്യുമായിരുന്നു, അവരുടെ ജീവിതവഴിയിൽ അവന്റെ കാരുണ്യത്തിന്റെ വാതിൽ തുറന്നിടുമായിരുന്നു. അത്ഭുതകരമായ നിലയിൽ പെട്ടെന്നുതന്നെ നിങ്ങളുടെ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടുമായിരുന്നു. നിങ്ങൾക്ക് ഇതിന് മുൻപ് ഇത്തരം ഒരു പരീക്ഷണങ്ങളും ഉണ്ടായിട്ടില്ല എന്ന് തോന്നത്തക്ക നിലയിൽ! ഈ അനുഗ്രഹങ്ങളൊക്കെ അവൻ നല്കുന്നത് അവന്റെ നിഷ്ക്കളങ്കരായ ദാസന്മാർക്കാണ്. അവർ അവന്റെ വഴിയിൽ അത്യദ്ധ്വാനം ചെയ്യുന്നവരാണ്.

റമദാനിൽ നിങ്ങൾ വ്രതമനുഷ്ഠിച്ചത് അല്ലാഹു(ത)യെ പ്രതിഫലമായി അന്വേഷിച്ചുകൊണ്ടാണ്. നിങ്ങൾ ഇപ്പോൾ ഒരു കാര്യം മനസ്സിലാക്കുക, ആരാണോ അല്ലാഹുവിന്റെ പ്രതിനിധിയെ അംഗീകരിച്ചത്, അവന്റെ മാർഗത്തിൽ, അദ്ദേഹത്തെ സഹായിച്ചത്, ഇസ്ലാമിന്റെ നവോത്ഥാനത്തിനായി പരിശ്രമിച്ചത്, ഇസ്ലാമിന്റെ സത്യതയ്ക്കായി നിലകൊണ്ടത് അവർ തന്നെയാണ്-തീർച്ചയായും അവർ തന്നെയാണ് ഇഹലോകത്തും നാളെ പരലോകത്തും വിജയിക്കുന്നത്. അവർ ഭാഗ്യവന്മാരാണ്. അവർക്ക് അല്ലാഹുവിനെ അവരുടെ പ്രതിഫലമായി ലഭിക്കുന്നതാണ്. അവർ ചെയ്ത അതിമഹത്തായ ത്യാഗങ്ങൾക്കുള്ള പ്രതിഫലമായി ! ഭൂമിയിലെ അവരുടെ ജീവിതസമയത്ത് അവർ അനുഷ്ഠിച്ച മഹത്വപൂർണ്ണമായ പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലം! (റമദാൻ മാസത്തിൽ ചെയ്തതുപോലെ) അവർ വളരെയധികം ത്യാഗങ്ങൾ ചെയ്തു. അനേകം കാര്യങ്ങളിൽ നിന്നും അവർ അകന്നുമാറി,

ഒടുവിൽ അവർക്ക് അല്ലാഹു(ത)യെ തന്നെ പ്രതിഫലമായി ലഭിക്കുന്നതാണ്. ഇൻശാ അല്ലാഹ്!

ഇത്തരം ആളുകൾക്കാണ് അല്ലാഹു(ത) അവന്റെ അസാധാരണമായ അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുന്നത്. കാരണം അവർ അവരുടെ എല്ലാം തന്നെ ത്യാഗം ചെയ്യുവാൻ തയ്യാറായവരാണ്, അതുകൊണ്ടാണ് അവർക്ക് അല്ലാഹുവിനെ പ്രതിഫലമായി ലഭിച്ചത്. ഈ രീതിയിലുള്ള ആളുകൾക്ക് അവരുടെ ജീവിതവും മരണവും ഒരുപോലെയാണ്. കാരണം അവർക്ക് അവരുടെ ജീവിതകാലത്ത് തന്നെ അല്ലാഹുവിനെ ലഭിച്ചു (അവരുടെ പ്രതിഫലമായി) അതുപോലെ മരണത്തിലും അല്ലാഹു(ത)യെ അവർക്ക് ലഭിച്ചു. (അവരുടെ പ്രതിഫലമായി) ഈ വിജയം അവർ എങ്ങനെയാണ്, എന്തുചെയ്താണ് നേടിയത്? അത് അവർ നേടിയത് അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിച്ചതിലൂടെയാണ്! അല്ലാഹു(ത) റൂഹുൽ ഖുദ്സുമായി ഒരാളെ നിയോഗിച്ചപ്പോൾ, അല്ലാഹു(ത)യുടെ ദൂതനായി അദ്ദേഹത്തെ ഉയർത്തിയപ്പോൾ, അവർ അദ്ദേഹത്തെ പിൻതുടർന്നു.

ഒരു വിശ്വാസിയുടെ ജീവിതത്തിലെ റമദാന്റെയും ലൈലത്തുൽ ഖദ്റിന്റെയും മൂല്യം ഇതാകുന്നു. സാധാരണ സമയങ്ങളിൽ, ഇതിനെല്ലാം അതിന്റേതായ പ്രാധാന്യമുണ്ട്, എന്നാൽ അല്ലാഹു(ത)യുടെ ഒരു ദൂതന്റെ ജീവിത കാലത്ത്, അപ്പോൾ അല്ലാഹു(ത) അവന്റെ ദൂതന്റെ കണ്ണുകളിലൂടെ കാണുന്നു, അവന്റെ കൈകളിലൂടെ അവൻ പ്രവർത്തിക്കുന്നു. അവന്റെ ചെവികളിലൂടെ അവൻ കേൾക്കുന്നു. അങ്ങനെ പല രീതിയിലും! അല്ലാഹു(ത)യാണ് അദ്ദേഹത്തെ നിയന്ത്രിക്കുന്നതും മാർഗദർശനം നല്കുന്നതും, ആയതിനാൽ, ഈ അനുഗ്രഹങ്ങൾ ആയിരക്കണക്കിനിരട്ടിയായി വർദ്ധിക്കുന്നു. എല്ലാ വഴികളിലും ഇതിന്റെ മൂല്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതു സംഭവിക്കുമ്പോൾ, ചരിത്ര മുഹൂർത്തത്തിൽ ഈ സംഭവത്തിന് സാക്ഷ്യം വഹിക്കുന്ന വ്യക്തി, അല്ലാഹുവിന്റെ വഴിയിൽ സഹായഹസ്തം വെച്ചു നീട്ടിയാൽ, പ്രസ്തുത ദൂതനെ അംഗീകരിക്കുകയും സഹായിക്കുകയും ചെയ്താൽ അത്തരം വ്യക്തി മഹാഭാഗ്യവാനാണ്, അനുഗ്രഹീതനുമാണ്, സന്തോഷവാനുമാണ്.

ഞാൻ റമദാനെ കുറിച്ചു പറഞ്ഞുകൊണ്ടിരുന്നതു പോലെ ഒരു വിശ്വാസി അവന്റെ നല്ലപെരുമാറ്റ രീതികൾ തീർച്ചയായും തുടർന്നുകൊണ്ടിരിക്കേണ്ടതാണ്. (റമദാനിൽ അത് അവൻ വളർത്തി എടുത്തതാണ്.) റമദാന് ശേഷവും അതുതുടർന്നുകൊണ്ടിരിക്കേണ്ടതാണ്. റമദാന് ശേഷവും അല്ലാഹു(ത) നിങ്ങളുടെ ആത്മാർത്ഥത നോക്കിക്കൊണ്ടിരിക്കുകയാണ്.

റമദാൻ നിങ്ങൾക്ക് യഥാർത്ഥത്തിൽ ഒരു ജയിൽ ആയിരുന്നോ? അതല്ല അതൊരു യഥാർത്ഥ നിധി ആയിരുന്നോ? ഒരു അവസരമായിരുന്നോ? നിങ്ങൾക്ക് നിങ്ങളെ സ്വയം സംസ്ക്കരിക്കുന്നതിന്, എന്നിട്ട് അല്ലാഹു(ത)യുടെ പാതയിൽ പ്രയാണം തുടരുന്നതിന്!

ഒരു വിശ്വാസി എല്ലായ്പ്പോഴും ചിന്തിക്കേണ്ട ഒരു കാര്യമാണ്. ഇത് എന്റെ അവസാന റമദാൻ ആണെങ്കിൽ, ഇതിൽ ഞാൻ എന്ത് നേടി? അവൻ എല്ലായ്പ്പോഴും മനസ്സിൽ സൂക്ഷിക്കേണ്ട ഒരു കാര്യമുണ്ട്, മരണം എന്നത് ഒഴിച്ചുകൂടാൻ കഴിയാത്ത കാര്യമാണ്, അത് നമ്മുടെ കൂടെയുണ്ട്, പ്രസ്തുത വ്യക്തിയുടെ വിധിക്കപ്പെട്ട സമയം കാത്തിരിക്കുകയാണ് മരണം! (മരിക്കുന്നതിനും ഈ ലോകത്തു നിന്നു പോകുന്നതിനും) നിങ്ങൾക്കിതുവേണോ അതോ വേണ്ടയോ? എന്നാൽ മരണം എല്ലാ ആളുകൾക്കും നിശ്ചയമാക്കിയ കാര്യം തന്നെയാണ്. ഒരു ദിനം നാമെല്ലാവരും ഈലോകം വിട്ടുപോകുന്നവരാണ്!

ഭൂമിയിലെ നമ്മുടെ ജീവിതത്തെപറ്റി ശുഭാപ്തി വിശ്വാസമുള്ളവരായിരിക്കുവാൻ അല്ലാഹു(ത) എല്ലായ്പ്പോഴും നമ്മെ ശുപാർശ ചെയ്യുന്നു. ആയതിനാൽ നിങ്ങൾ നിങ്ങളുടെ വിശ്വാസാദർശങ്ങളിൽ ഉറച്ചു നിലകൊള്ളുക. നിങ്ങളുടെ നിത്യജീവിതത്തിൽ കാതലായ മാറ്റം വരുത്തുക. ഓരോ വ്യക്തിയും സ്വയം അവനെപറ്റി അപഗ്രഥിക്കേണ്ടതാണ്. അവന് അവനോടു തന്നെ ആയിരം ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്. എന്നാൽ കൂടുതൽ ചോദ്യങ്ങൾക്കും ഉത്തരം അവനു തന്നെ, സ്വയം അവനിൽ തന്നെ കണ്ടെത്താവുന്നതാണ്. അവൻ ചെയ്ത ഓരോ പ്രവർത്തിയെപറ്റിയും അവന് സ്വയം അറിയാവുന്നതാണ്. എന്തു ഉദ്ദേശത്തിലാണ് അത് ചെയ്തതെന്നും അവനറിയാം. എന്തു തന്നെ ആയാലും അവൻ ചെയ്ത എല്ലാ പ്രവർത്തനങ്ങളുടെയും കണക്ക് ഒരിക്കൽ അല്ലാഹുവിന്റെ മുൻപിൽ സമർപ്പിക്കേണ്ടി വരും. അവൻ ഒറ്റയ്ക്കു മാത്രമെ അവിടെ ഉണ്ടായിരിക്കുകയുള്ളു. മറ്റൊരാളും അവനോടൊപ്പം ഉണ്ടായിരിക്കില്ല. (മനുഷ്യരിൽപെട്ട ഒരാളും ഉണ്ടായിരിക്കില്ല) അവൻ സ്വയം അവന്റെ കാര്യം നോക്കേണ്ടി വരും, അവൻ സ്വയം പ്രതിരോധിക്കേണ്ടി വരും. അവിടെ ഒരു പിതാവുണ്ടായിരിക്കില്ല, ഒരു മാതാവുമുണ്ടായിരിക്കില്ല, മറ്റൊരു മനുഷ്യനും സഹായത്തിനുണ്ടായിരിക്കില്ല. ഓരോ മനുഷ്യനും അല്ലാഹുവിന്റെ മുന്നിലൂടെ ഒറ്റയ്ക്ക കടന്നു പോകേണ്ടി വരുന്നതാണ്.

ഹസ്രത് മുഹമ്മദ് മുസ്തഫ (സ)യുടെ ഉമ്മത്തിലെ ഓരോ മുസ്ലിമും ശരിയായ നിലയിലുള്ള ഒരു കണക്കെടുപ്പ് നടത്തേ

ണ്ടതാണ്. റമദാൻ മാസത്തിന്റെ ആത്മീയ മൂല്യം എന്താണെന്ന് നിഷ്കളങ്കമായ നിലയിൽ ചിന്തിക്കേണ്ടതാണ്. വിശ്വാസ ശിഷ്യ സമൂഹം എന്ന നിലയിൽ! ആത്മീയ വിരാമം ഉണ്ടായിരിക്കുക യാണ്. അവിടെ നിന്ന് അവന്റെ അവശേഷിച്ച ജീവിതത്തിൽ ആവശ്യമായ ഉറവിടങ്ങൾ കണ്ടെത്തിയാൽ, അതുതന്നെ വിജ യവഴിയായി! തീർച്ചയായും വളരെ സുന്ദരമായ ഒരു വിജയം! അത് അവൻ, അവനെ, അവന്റെ ജീവിതത്തെ സംസ്കരിക്കു ന്നതിലൂടെയാണ് ലഭിക്കുന്നത്. ഉദാത്തമായ വഴിയിലൂടെ അതിനെ രൂപപ്പെടുത്തിയെടുക്കുക. അത് പാരത്രിക ലോക വിജയത്തിനുള്ള അതിമഹത്തായ തയ്യാറെടുപ്പ് തന്നെ ആയി രിക്കും, ഇൻശാ അല്ലാഹ്!

ഈ ഉമ്മത്തിലെ ഓരോ അംഗവും, പ്രായമായ തലമുറ ആകട്ടെ, ഇപ്പോഴത്തെ തലമുറ ആകട്ടെ അഥവാ വരുംകാല തലമുറ ആകട്ടെ അവർക്ക് ശക്തമായ വിശ്വാസം, സമ്പൂർണ്ണ മായും ഉണ്ടായിരിക്കേണ്ടതാണ്. എന്നിട്ടവർ സ്വയം പറയേ ണ്ടതാണ്, ഇപ്പോൾ മുതൽ, എന്റെ നിത്യജീവിതം റമദാൻ മാസത്തിൽ ജീവിച്ചതുപോലെ ആയിരിക്കും, പ്രാർത്ഥനയോടെ! നല്ല പ്രവർത്തനങ്ങളോടെ! സ്വയം നിയന്ത്രണത്തിലൂടെ! എല്ലാ തരത്തിലുള്ള തിന്മകളിൽ നിന്നും അകന്നു കഴിഞ്ഞിരിക്കും! അല്ലാഹുവിനെ അനുസരിച്ചു കഴിയുന്നതാണ്. അവന്റെ എല്ലാ കല്പനകളും പിന്തുടരുന്നതാണ്, ഇസ്ലാമിന്റെ മാർഗത്തിൽ സേവനം ചെയ്യുവാൻ നിങ്ങൾ സദാ തയ്യാറായിരിക്കുക, സമ്പൂർണ്ണമായും ഒരു ഇസ്ലാമിക ജീവിതം നയിക്കുക.

അല്ലാഹുവിൽ നിന്ന് സ്വയം വിദൂരത്തിലായിരിക്കുന്ന അവി ശ്വാസികളുടെ സ്വഭാവങ്ങളെ/ഫാഷൻസിനെ, ആഭിമുഖ്യത്തിനെ നിങ്ങൾ തുടരരുത്, മറിച്ച്, നിങ്ങൾ അവരെ അല്ലാഹുവിന്റെ വഴി കണ്ടെത്തുവാൻ സഹായിക്കുക, ആ കാര്യത്തിൽ അവരെ സഹായിക്കുക, അത് നിങ്ങളുടെ ഉത്തരവാദിത്വമാണ്. അങ്ങനെ അവരുടെ മോശമായ വഴികളെ മാറ്റി നല്ല പ്രവർത്ത നങ്ങൾ ചെയ്യുന്ന വഴിയിലൂടെ നയിക്കുക.

റമദാൻ മാസത്തിൽ മാത്രമല്ല വ്രതാനുഷ്ഠാനം കല്പിക്ക പ്പെട്ടിട്ടുള്ളത്. നല്ല പ്രവർത്തനങ്ങൾ നാം ചെയ്യുന്നതു പോലെ, നല്ല പ്രയത്നം തുടരുന്നതുപോലെ, മുഹമ്മദ് മുസ്തഫ(സ) യുടെ ഉമ്മത്തിലെ ഓരോ അംഗത്തിനും, വ്രതാനുഷ്ഠാനം നിത്യ ജീവിതത്തിലെ ഒരു ഭാഗം തന്നെയാണ്. നാം ഇതു സംബന്ധ മായി ബോധവാന്മാരിയിരിക്കേണ്ടതാണ്.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) ഓരോ ആഴ്ചയിലെയും തിങ്കളാഴ്ചകളിലും വ്യാഴാഴ്ചകളിലും വ്രതാ

നുഷ്ഠാനം നടത്തിയിരുന്നു. ചാന്ദ്രിക മാസത്തിലെ 13,14,15 തീയതികളിൽ ഓരോ മാസത്തിലും പ്രവാചകൻ(സ) വ്രതമനുഷ്ഠിച്ചിരുന്നു. മുഹർറം (ആഷൂറാഅ്) ദിനത്തിൽ വ്രതമനുഷ്ഠിക്കുവാൻ അദ്ദേഹം ശുപാർശ ചെയ്തിട്ടുണ്ട്. ഹജ്ജ് വേളയിൽ അറഫാ ദിനത്തിലും വ്രതം അനുഷ്ഠിച്ചിരുന്നു. ശവ്വാൽ മാസത്തിൽ ആറ് നോമ്പ് പിടിച്ചിരുന്നു.

റമദാന് ശേഷമുള്ള നമ്മുടെ ജീവിതം ശൈത്താന്റെ ഇംഗീതങ്ങൾക്കനുസരിച്ചായി പോകരുത്. റമദാന്റെ ചന്ദ്രക്കല കണ്ടതു മുതൽ നാം പിന്തുടർന്ന നല്ല പ്രവർത്തനങ്ങളുടെ ഒരു തുടർച്ചയായിരിക്കണം നമ്മുടെ ജീവിതം, നാം എന്താണ് ചെയ്തത്? നാം സ്വയം പ്രാർത്ഥന നിരതരായി (നമസ്ക്കാരം) എല്ലാ നിലയിലുമുള്ള ഇബാദത്തുകളിലും നാം മുഴുകി. നേർപാതയിൽ തന്നെ നിലകൊള്ളാൻ നാം കഠിനയത്നം തന്നെ ചെയ്തു. പുരുഷനായാലും സ്ത്രീ ആയാലും റമദാൻ മാസത്തിൽ ശരിക്കും പർദ്ദ ആചരിക്കുവാൻ, ശരിക്കും പ്രയത്നിച്ചു.

റമദാന് ശേഷമുള്ള കാലം ഓരോരുത്തരുടെയും മുൻപിൽ ഒരു ചോദ്യവും ചിന്തയുമാണ്. ഈ താത്ക്കാലിക ജീവിതം വെറും ക്ഷണികമായതാണ്, എന്തുതന്നെ സംഭവിച്ചാലും, നാമെല്ലാം ഒന്നൊഴിയാതെ, അല്ലാഹുവിലേക്ക് മടങ്ങേണ്ടവർ തന്നെയാണ്. അതുകൊണ്ട് എല്ലാ നിലയിലുള്ള പരീക്ഷണങ്ങളും നമ്മെ ബാധിക്കുന്നതാണ്, എന്ന യാഥാർത്ഥ്യം നാം അംഗീകരിക്കേണ്ടതാണ്. എന്നാൽ നാം ഉറച്ചു നില്ക്കുന്നിടത്തോളം കാലം, ക്ഷമ കൈക്കൊള്ളുന്നിടത്തോളം കാലം, നമുക്ക് അല്ലാഹുവിലുള്ള വിശ്വാസം നഷ്ടമാകില്ല, അപ്പോൾ അല്ലാഹു(ത) അവൻ സ്വയം തന്നെ എല്ലാ പ്രയാസങ്ങളും നീക്കം ചെയ്യുന്നതാണ്, നമ്മെ അവൻ തന്നെ പ്രകാശത്തിലേക്ക് നയിക്കുന്നതുമാണ്. നമുക്ക് അനുകൂലമായി അവൻ സ്വയം പ്രത്യക്ഷപ്പെടുന്നതാണ്. അവൻ നമ്മുടെ ഭാഗത്താണെന്ന് അവൻ നമ്മെ കാണിക്കുന്നതാണ്. നമുക്കന്താണോ നല്ലത് അതിലേക്ക് അവൻ നമ്മെ നയിക്കുന്നതാണ്.

ആയതിനാൽ, അല്ലാഹുവിൽ നമ്മുടെ കാര്യങ്ങൾ ഭരമേല്പിക്കുവാൻ നാം പഠിക്കണം, നാം നല്ല കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കണം. അല്ലാഹു(ത) യോട് നാം ചേർന്ന് നില്ക്കണം. ഇന്ന്, അവന്റെ ഖലീഫത്തുല്ലാഹ് യുടെ കാലഘട്ടത്തിൽ, ഞാൻ നിങ്ങൾക്കൊരു ചെറിയ ഉപദേശം നല്കുവാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ പിന്തിരിഞ്ഞു പോകരുത്, സമാനതകളില്ലാത്ത ദൈവീകനുഗ്രഹങ്ങളിലൂടെ നിങ്ങൾ നേട്ടങ്ങൾ

ആർജ്ജിക്കുക, വ്യക്തിപരമായി, ഈ യുഗം, നൂറ്റാണ്ട് നിങ്ങൾക്ക് വീണ്ടും കാണുവാൻ കഴിയില്ല, കാരണം നിങ്ങളുടെ ഭൂമിയിലെ ജീവിതം പരിമിതമാണ്. എന്നാൽ നിങ്ങളുടെ സന്താനങ്ങൾക്ക് ഇത് സാക്ഷ്യം വഹിക്കുവാൻ കഴിഞ്ഞെന്നു വരാം. നിങ്ങളുടെ മക്കൾക്ക് മാത്രമല്ല നിങ്ങളുടെ കൊച്ചുമക്കൾക്കും കാണാൻ കഴിഞ്ഞു എന്ന് വരാം. കൊച്ചുമക്കളുടെ മക്കൾക്കും കാണാൻ കഴിയുന്നതാണ്. ഈ സത്യത്തെ നിങ്ങൾ ഇന്ന് തള്ളിക്കളയുക യാണെങ്കിൽ, നാളെ നിങ്ങളുടെ സന്താനങ്ങൾ നിങ്ങളെപോലെ ആയിതീരണമെന്നില്ല. അവർ നാളെ ഈ ദൈവീക അനുഗ്രഹ ങ്ങൾ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തു എന്ന് വരാം. തീർച്ചയായും, അല്ലാഹു(ത)യ്ക്ക് എല്ലാത്തിനും കഴിവു ള്ളവനാണ്. ഹൃദയ കാഠിന്യമുള്ള ഒരാളുടെ ഹൃദയത്തിന് മാറ്റം വരുത്തുവാൻ കഴിവുള്ളവനാണ് അല്ലാഹു(ത). എന്നിട്ട് അവന്റെ ഹൃദയത്തിൽ അല്ലാഹുവിനോടും അവന്റെ ദൂതനോ ടുമുള്ള സ്നേഹം കൊണ്ട് നിറയ്ക്കുവാൻ കഴിയുന്നതാണ്. മുൻപ് വലിയ ശത്രുവായിരുന്ന ഒരാളിനെ അവന്റെ വഴിയിൽ ഏറ്റവും വലിയ മിത്രമാക്കി, സഹായി ആക്കിമാറ്റുന്നതിനും അവൻ കഴിവുള്ളവനാകുന്നു. ഹസ്രത് ഉമർ(റ)നെ ആക്കിയതുപോലെ അല്ലാഹു(ത) അവൻ എന്ത് ഉദ്ദേശിക്കുന്നുവോ അത് അവൻ നട പ്പിലാക്കുന്നു. അതിന് അവന് മറ്റൊരാളിന്റെയും മുൻപിൽ കണക്കു ബോധിപ്പിക്കേണ്ട കാര്യവുമില്ല!

നമ്മുടെ ജീവിതത്തിന് അല്ലാഹു(ത) മാറ്റം വരുത്തട്ടെ. ഈ താത്ക്കാലിക ലോകത്തും, മരണാനന്തര ലോകത്തും ഏറ്റവും ഉത്തമമായ ജീവിത സൗകര്യങ്ങൾ നല്കി അവൻ അനുഗ്രഹി ക്കട്ടെ! നമുക്ക് നമ്മുടെ നല്ല സ്വാഭാവ പെരുമാറ്റ രീതികൾ തുട രാം. പരിശുദ്ധ റമദാനിലൂടെ നാം നേടിയ നന്മകൾ കൊണ്ട് നമുക്ക് മുന്നേറാം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിജയ ത്തിലേക്കുള്ള മുന്നേറ്റമാകട്ടെ! ഇൻശാ അല്ലാഹ്! ആമീൻ

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*